ॐ



**തസ്മൈ നമോ ഭഗവതേ യ ഇദം സ്വേന രോചിഷാ**
**ആത്മസ്ഥം വ്യഞ്ജയാമാസ സ ധർമ്മം പാതുമർഹതി. (3–12–32)**

മൈത്രേയൻ തുടർന്നു:
സൃഷ്ടികർത്താവായ ബ്രഹ്മാവ് തൻെറസൃഷ്ടികൾ തുടർന്നുകൊണ്ടേയിരുന്നു. നാനാതരത്തിലുള്ള സൃഷ്ടിയുടെ തുടക്കത്തിൽത്തന്നെ നാനാത്വത്തിൻെറ കാരണമായ ഇരുട്ടിൻെറ തത്വങ്ങളെ ഉണ്ടാക്കി. ആത്മാവിനെക്കുറിച്ചുള്ള അജ്ഞാനം, ശരീരത്തോടുള്ള താദാത്മ്യഭാവം, സുഖാസക്തി, കോപം, മൃത്യുഭയം എന്നിവയെല്ലാം ഇരുട്ടിൻെറ തത്വങ്ങളത്രെ. ഈ സൃഷ്ടിയിൽ തൃപ്തി പോരാഞ്ഞ് ബ്രഹ്മാവ് നാലു മാനസപുത്രന്മാരെ സൃഷ്ടിച്ചു. സനകാദികൾ സൃഷ്ടികർമ്മം തുടരുമെന്നു പ്രത്യാശിച്ചെങ്കിലും അവരതിനു തയ്യാറാകാതെ തപസ്സിനായി പുറപ്പെട്ടു. ബ്രഹ്മാവ് കോപമടക്കിയെങ്കിലും കൺപീലികൾക്കു നടുവിൽനിന്നും ഒരു ബാലനായി ആ കോപം പുറത്തുവന്നു. ബാലൻ വിളിച്ചു ചോദിച്ചു. "എൻെറ പേരെന്ത്? എൻെറ ആസ്ഥാനങ്ങൾ ഏതൊക്കെ?". ബ്രഹ്മാവ് കുട്ടിക്ക് രുദ്രൻ എന്ന് പേരിട്ടു. ആസ്ഥാനങ്ങളായി ഹൃദയം, ഇന്ദ്രിയങ്ങൾ, പ്രാണവായു, പഞ്ചഭൂതങ്ങൾ, തപസ്സ് തുടങ്ങിയവയും കൂട്ടിനായി രുദ്രാണിയേയും സൃഷ്ടിച്ചു. രുദ്രൻ സ്വയം സൃഷ്ടി തുടങ്ങി അനേകം ദുഷ്പ്രഭൃതികളെ ഉണ്ടാക്കി. ബ്രഹ്മാവ് രുദ്രനെ തടഞ്ഞ് തപസ്സിനായി പറഞ്ഞയച്ചു.

പിന്നീട്, ബ്രഹ്മാവ് പത്ത് ഋഷിമാരെ തൻെറതന്നെ പലേ അവയവങ്ങളിൽനിന്നായി ജനിപ്പിച്ചു. മടിത്തട്ടിൽനിന്നും നാരദൻ, തള്ളവിരലിൽനിന്നും ദക്ഷൻ, ശ്വാസത്തിൽനിന്നും വസിഷ്ഠൻ, ത്വക്കിൽ നിന്നും ഭൃഗു, കൈകളിൽനിന്നും കൃതു, നാഭിയിൽനിന്നും പുലഹൻ, ചെവികളിൽനിന്നും പുലസ്ത്യൻ, വായിൽനിന്നും അംഗിരസ്, കൺകളിൽനിന്നും അത്രി, മനസ്സിൽനിന്നും മരീചി, വലതു മാറിടത്തിൽനിന്നും ധർമ്മം, പുറത്തുനിന്നും അധർമ്മം, എന്നിവ ഉണ്ടായി. ഹൃദയത്തിൽനിന്നു സ്നേഹത്തിൻെറ ദേവതയും, കൺപുരികങ്ങളിൽനിന്ന് ദ്വേഷ്യത്തിൻെറ ദേവനും, അത്യാഗ്രഹം താഴത്തെ ചുണ്ടിൽനിന്നും, വാക്ക് വായിൽനിന്നും ഉണ്ടായി.

സ്രഷ്ടാവിന് വാക്കിൽ അഭിനിവേശം ഉണ്ടായി. ബ്രഹ്മകുമാരന്മാർ ഭഗവാനെ പ്രാർത്ഥിച്ചു. "വിശ്വം നിറഞ്ഞുനിൽക്കുന്ന സർവ്വേശ്വരന്, സൃഷ്ടിയിലും പ്രളയത്തിലും വിശ്വത്തിന്നാധാരമായ ജഗദീശന്, നമോവാകം. നിന്തിരുവടി ധർമ്മം രക്ഷിക്കട്ടെ". ബ്രഹ്മാവ് സ്വയം ദേഹംവെടിഞ്ഞ് ഇരുണ്ടമേഘമായി ആകാശത്തിൽ ഒഴുകിനടന്നു. അവിടത്തെ നാലുമുഖങ്ങളിൽനിന്നും നാലുവേദങ്ങൾ, ധർമ്മത്തെ പ്രതിപാദിക്കുന്ന നാലുപുരാണേതിഹാസങ്ങൾ, നാലുശാസ്ത്രങ്ങൾ (യുദ്ധം, വൈദ്യം, സംഗീതം, വാസ്തുവിദ്യ), ധർമ്മത്തിൻെറ നാലു നെടുംതൂണുകൾ (ജ്ഞാനം, ദയ, തപസ്സ്, സത്യം) എന്നിവ ഉണ്ടായി. നാലു ജീവൽഘട്ടങ്ങൾ (ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം), നാലു ദിവ്യസങ്കലനങ്ങൾ, രാഗങ്ങൾ എന്നിവയുണ്ടായി. ബ്രഹ്മാവിൽ നിന്നുതന്നെ സംഗീതവും അക്ഷരവുമുണ്ടായി.

എന്നിട്ടും തൻെറ സൃഷ്ടികൾ വർദ്ധിക്കുന്നില്ലെന്നുകണ്ട് ബ്രഹ്മദേവൻ സ്വയം രണ്ടായിത്തീർന്നു. സ്ത്രീയും പുരുഷനും. സ്വയംഭൂവായ മനുവും ശതരൂപയും. അതുമുതൽ സംയോഗംകൊണ്ട് പ്രജകൾ ഉണ്ടായിത്തുടങ്ങി. അവർക്ക് പ്രിയവ്രതൻ, ഉത്താനപാദൻ എന്നീ രണ്ടു പുത്രന്മാരും ആകൂതി, ദേവഹൂതി, പ്രസൂതി എന്നീ മൂന്നുപുത്രിമാരും ഉണ്ടായി. ഈ പുത്രിമാരാണ് ലോകത്തിന് പ്രജകളെ ഉണ്ടാക്കി കൊടുത്തത്.

(കായം: കാ– ബ്രഹ്മാവ്. കായം– ബ്രഹ്മാവിൻേറത്)